പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 997 — 12.12.2012 -ൽ മറുപടിയ്ക്ക്

## ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ചികിത്സാധനസഹായമായി അനുവദിച്ച തുക ബന്ധപ്പെട്ട കർഷകർക്ക് മാസങ്ങളായി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ; | (എ) ഉണ്ട്. കാലതാമസം ഒഴിവാക്കി അപേക്ഷകർക്ക് ചികിത്സാ ധനസഹായം യഥാസമയം ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നുള്ള ചികിത്സാ ധനസഹായം ഈ സർക്കാർ വന്നതിനു ശേഷം വിതരണം ചെയ്തിട്ടുള്ളത് എത്രയാണെന്നുള്ളത് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിട്ടുള്ള ചികിത്സാ ധനസഹായത്തിന്റെ തുക, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

(സി) ചികിത്സാ സഹായത്തിന് അപേക്ഷ നൽകുന്ന പട്ടികജാതിയിൽ പെട്ടയാളുകൾക്ക് തുക അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് കിട്ടി മാസങ്ങളോളം കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കാനും പ്രസ്തുത തുക പോസ്റ്റലായി അയച്ചു കിട്ടാനും നടപടി സ്വീകരിക്കുമോ?

(സി) തുക വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും തുക വിതരണം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായ വിതരണത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ധനസഹായം പോസ്റ്റൽ വകുപ്പ് വഴിയോ മറ്റ് സംവിധാനങ്ങൾ വഴിയോ കാലതാമസം ഒഴിവാക്കി വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

Rathudas
സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | അനുവദിച്ച തുക | |
|---|---|---|---|
| | | 2011 - 2012 സാമ്പത്തിക വർഷത്തിൽ | 2012 - 2013 സാമ്പത്തിക വർഷം 30.11.2012 വരെ |
| 1 | തിരുവനന്തപുരം | 5251850 രൂപ | 3948400 രൂപ |
| 2 | കൊല്ലം | 2795000 രൂപ | 2451500 രൂപ |
| 3 | പത്തനംതിട്ട | 1702400 രൂപ | 882400 രൂപ |
| 4 | ആലപ്പുഴ | 3500000 രൂപ | 5500000 രൂപ |
| 5 | കോട്ടയം | 1098500 രൂപ | 1069000 രൂപ |
| 6. | ഇടുക്കി | 1008000 രൂപ | 894500 രൂപ |
| 7 | എറണാകുളം | 4242300 രൂപ | 5791900 രൂപ |
| 8 | തൃശ്ശൂർ | 7000000 രൂപ | 11500000 രൂപ |
| 9 | പാലക്കാട് | 4295000 രൂപ | 4527000 രൂപ |
| 10 | മലപ്പുറം | 6138000 രൂപ | 6118100 രൂപ |
| 11 | കോഴിക്കോട് | 3799500 രൂപ | 2950000 രൂപ |
| 12 | കണ്ണൂർ | 1120500 രൂപ | 243000 രൂപ |
| 13 | വയനാട് | 1416500 രൂപ | 1005500 രൂപ |
| 14 | കാസർഗോഡ് | 45455050 രൂപ | 1716500 രൂപ |
| | **Total** | **88822600** | **48597800** |

Rasheedha